# വൃന്ദാവൻ ഹൈസ്കൂൾ

# വ്ളാത്താങ്കര

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -2026

# ആമുഖം

വ്ളാത്താങ്കരയുടെ അറിവും വഴികളിൽ തലമുറകൾക്ക് വെളിച്ചമേകിയ അഭിമാന സാന്നിധ്യവും നാടിന്റെ വിളക്കുമരവുമായി വൃന്ദാവൻ ഹൈസ്കൂൾ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങകളില്ലാത്ത കാലത്ത് നിർണായക ചുവടുവെപ്പായി തുടങ്ങിയ സ്ഥാപനം നാടിന്റെ ചരിത്രത്തിലെ അടയാളപ്പെടുത്താലാണ്. 1949 ൽ സ്കൂൾ സ്ഥാപിത മാകുന്ന കാലത്ത് വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഏറെ പിന്നിലായിരുന്നു പ്രദേശം. കേരളത്തിന്റെ തെക്കേയറ്റത്തെ നദിയായ നെയ്യാറിന്റെ സമീപത്ത് പരമ്പരാഗത മായി കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന ചെങ്കൽ ഗ്രാമപഞ്ചായത്തിലെ വ്ളാത്താങ്കര എന്ന പ്രദേശത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. പഠനത്തിനപ്പുറം സാമൂഹിക പ്രതിബദ്ധതയോയെുള്ള തലമുറകളെ വാർത്തെടുക്കുന്ന തിൽ സ്കൂൾ എക്കാലവും ശ്രദ്ധിച്ചു പോകുന്നു. ഏഴ് പതിറ്റാണ്ടിനിടയിൽ ഒരു ദേശത്തിന്റെ സർവ്വതോന്മുഖമായ വികാസ പ്രക്രിയകളിൽ വൃന്ദാവൻ സ്കൂളിന്റെ സാന്നിധ്യം കാണാനാകും.

Vrindavan High School

**ചരിത്രം .........**

സാമൂഹികവും സാംസ്കാരികവുമായി ദിശാബോധം തേടുന്ന കാലത്ത് നാട്ടുകാർ പൗരപ്രമുഖനായ ശ്രീ. –ലക്ഷ്മണൻ നാടാരെ കണ്ട് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിൽ തുടങ്ങുന്നു സ്ഥാപനത്തിന്റെ ചരിത്രം. അങ്ങനെ വ്യക്തിഗത മാനേജ്മെന്റ് സ്കൂളിൽ മാനേജർ സ്വന്തമായി ശമ്പളം കൊടുത്ത് നടത്തുന്ന ചുരുക്കം സ്കൂളുകളിൽ ഒന്നായി വ്ളാത്താങ്കര വൃന്ദാവൻ സ്കൂൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. 1949 ൽ സ്കൂളിന്റെ പ്രഥമ വാർഷിക ആഘോഷവേളയിൽ ശ്രീകൃഷ്ണ ഭക്തൻ കൂടിയായിരുന്ന ശ്രീ ലക്ഷ്മണൻ നാടാർ അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറെക്കൊണ്ട് വൃന്ദാവൻ ഹൈസ്കൂൾ എന്ന് നാമകരണം ചെയ്യിപ്പിച്ചു. തുടർന്ന് വ്ളാത്താങ്കര എന്ന ഗ്രമത്തിന്റെ ബൗദ്ധിക കേന്ദ്രമായി മാറിയ ഈ വിദ്യാലയത്തിന്റെ വളർച്ചയ്ക്ക് പ്രോത്സാഹനം നല്കി കടന്നുപോയ എല്ലാ മഹത് വ്യക്തികളേയും ആദരപൂർവ്വം സ്മരിക്കുന്നു. 1978 ഏപ്രിൽ 17 ന് സ്ഥാപക മാനേജർ ശ്രീ. എൻ . ലക്ഷ്മണൻ നാടാർ ദിവസംഗതനായതിനുശേഷം മക്കളായ ശ്രീ. എൽ. ഗോപിനാഥനും ശ്രീ. എൽ. രാജേന്ദ്രനും എഡ്യുക്കേഷണൽ ഏജൻസിമാരായി സ്കൂൾ നടത്തിപ്പോന്നു. ശ്രീ. കെ. ജി. മോഹനകുമാറും ശ്രീ. ആർ.ഐ. അജിത്കുമാറും നിലവിൽ എഡ്യുക്കേഷണൽ ഏജൻസിമാരായി തുടരുന്നു. നിരവധി മഹത് വ്യക്തിത്വങ്ങളുടെ പാദസ്പർശങ്ങൾ കൊണ്ട് ധന്യമായ ഈ അക്ഷരഭൂമികയിൽ മുൻ ഇന്ത്യൻ രാഷ്ട്രപതി ബഹു. വി.വി. ഗിരി സ്കൂളിന്റെ പത്താം വാർഷികാഘോഷ വേളയിൽ മുഖ്യാതിഥിയായി സംബന്ധിക്കുകയുണ്ടായി. മുൻ മുഖ്യമന്ത്രിമാരും ഉന്നത സാംസ്കാരിക നായകന്മാരും വിവിധ സന്ദർഭങ്ങളിൽ സ്കൂളിന്റെ അതിഥികളായി എത്തിച്ചേർന്നു. 1999 ൽ സുവർണ ജൂബിലി ആഘോഷ പരിപാടി ദദ്രദീപം കൊളുത്തി ധന്യമാക്കാൻ ശ്രീ ഉത്രാടം തിരുന്നാൾ മഹാരാജാവ് എത്തിച്ചേർന്നതും സ്കൂളിന്റെ അവിസ്മരണീയ മുഹൂർത്തങ്ങളിലൊന്നായിരുന്നു.

എസ്. എസ്.എൽ.സി പരീക്ഷയിൽ റാങ്ക് ജേതാക്കളെ വാർത്തെടുത്ത പാരമ്പര്യം പുലർത്തുന്ന വൃന്ദാവൻ ഹൈസ്കൂൾ കഴിഞ്ഞ അഞ്ചുവർഷങ്ങളായി നൂറുമേനി വിജയം കൈവരിച്ചു പോരുന്നു. ഓരോ വർഷവും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്നു. സ്കൗട്ട് , ഗൈഡ് ,റെഡ്ക്രോസ്, കായികം, ശാസ്ത്രം , ഗണിതം പ്രവൃത്തിപരിചയം , സ്കൂൾ കലോത്സവം, സംസ്കൃതോത്സവം എന്നിവയിൽ മികവ് പുലർത്തിപ്പോരുന്നു.

Vrindavan High School

# വിഷയാധിഷ്ടിത മാസ്റ്റർ പ്ലാൻ 2025 2026

## മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥപരിഹരിച്ച് പദസമ്പത്ത് വളർത്തുക. | • മുന്നറിവ് പരിശോധന, പദകേളി, വാക്യങ്ങളുടെ നിർമ്മണം<br>• അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ കുറിപ്പ് തയ്യാറാക്കൽ<br>• വായന ദിനാചരണങ്ങൾ<br>• വിദ്യാരംഗം ക്ലബ്ബ് രൂപികരണവും ഉദ്ഘാടനവും | ഒരു വർഷം | ഭാഷ അധ്യാപകർ , കുട്ടികൾ | |
| സാഹിത്യരചനകൾ വായിച്ച് പ്രമേയം, ആസ്വാദനംശങ്ങൾ എന്നിവ കണ്ടെത്തുക | • പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, കഥ, കവിത, നോവൽ, ഉപന്യാസം, തിരക്കഥ, ലേഖനം, യാത്രാവിവിരണം എന്നിവ വായിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• വായനാപ്പതിപ്പ് തയ്യാറാക്കൽ<br>• ബഷീർ ദിനാചരണങ്ങൾ | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഭാഷ അധ്യാപകർ | |
| ഗാഹിത്യകൃതികൾ വാചിക, ലിഖിത, പ്രകടനരൂപങ്ങളിൽ ആവിഷ്കരിക്കുക | • നാടകവരതണം<br>• പ്രസംഗം | ഒരു വർഷം | ഭാഷ അധ്യാപകർ , കുട്ടികൾ | |
| സർഗാത്മക രചനകളിൽ ഏർപ്പെടുക | • ലൈബ്രറി നവീകരണം<br>• വ്യത്യസ്ത സാഹിത്യ കൃതികൾ പരിചയപ്പെടൽ<br>• കയ്യെഴുത്ത് മാസിക<br>• വായനാകുറിപ്പ്<br>• അഭിമുഖം | ഒരു വർഷം | ഭാഷ അധ്യാപകർ , കുട്ടികൾ | |
| വ്യത്യസ്ത ശില്പശാലകൾ സംഘടിപ്പിക്കുന്നതിനും സർഗാത്കമ ശേഷികൾ വികസിപ്പിക്കുന്നത്തിനും | • കഥ-കവിത ശില്പശാല<br>• നാടകക്കളരി<br>• ചൊൽക്കാഴ്ച<br>• കവിയരങ്ങ്<br>• ദിനാചണങ്ങളുമായി ബന്ധപ്പെട്ട മത്സരങ്ങൾ – കഥാരചന, കവിതാരചന, ഉപന്യാസരചന, പോസ്റ്റർ തയ്യാറാക്കൽ | ഒരു വർഷം | ഭാഷ അധ്യാപകർ | |
| ഭാഷാപഠനം | • റീൽസ് നിർമ്മാണം | ഒരു വർഷം | ഭാഷ അധ്യാപകർ | |

Vrindavan High School

| | | | | |
|---|---|---|---|---|
| സാങ്കേതികവിദ്യാ സൗഹൃദമാക്കുക | • കഥ, ഭാവാത്മക വായന, കവിത ചൊല്ലൽ<br>• ചൊൽക്കാഴ്ചകൾ, നാടകാവത രണം | | | |
| ഉച്ചാരണപ്രശ്ന ങ്ങൾ തിരിച്ചറി യുക മാതൃകകളി ലൂടെ തിരുത്തി മുന്നേറുക | • ഭാഷാ ലാബ് | ഒരു വർഷം | ഭാഷ അധ്യാപകർ | |
| ഭാഷാപരമായും സാംസ്കാരികപര മായും പ്രാധാന്യ മുള്ള സ്ഥലങ്ങൾ സ്ഥാപനങ്ങൾ സന്ദർശിച്ച് പ്രാധാ ന്യം തിരിച്ചറിയുക | • പഠനയാത്ര<br>• വീഡിയോ നിർമ്മാണം<br>• യാത്രാവിവരണം | ഒരു വർഷം | ഭാഷ അധ്യാപകർ , കുട്ടികൾ | |
| ലൈബ്രറി ഭാഷാപ ഠനം ആയി ബന്ധ പ്പെടുത്തി മികവുറ്റ വാക്കുക | • ക്ലാസുകളിലേക്കുള്ള പുസ്തകവി തരണം<br>• വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് എഴുതി പതി പ്പാക്കി മാറ്റുക | ഒരു വർഷം | ഭാഷ അധ്യാപകർ | |

Vrindavan High School

# സംസ്കൃതം

## ലക്ഷ്യം

അഞ്ചാം ക്ലാസ്സുമുതൽ പത്താം ക്ലാസുവരെ സംസ്കൃതം പഠിക്കുന്ന എല്ലാ കുട്ടികളും സംസ്കൃതഭാഷ യിൽ സ്വന്തമായി സംസാരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും ശേഷി നേടുകഭാഷണം വാചനം ലേഖനം നൈപുണികള് ആർജ്ജിക്കുക

## നിലവിലെ അവസ്ഥ

- സംസ്കൃത പദങ്ങൾ എഴുതുവാനും വായിക്കുവാനുമുള്ള ശേഷി കുട്ടികൾക്കുണ്ട്
- സംസ്കൃത പദങ്ങൾ കേൾക്കുവാനും പറയുവാനുമുള്ള അവസരങ്ങൾ ലഭിക്കുന്നില്ല.
- സംസ്കൃതഭാഷയിൽ സ്വന്തമായി സംസാരിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും പൂർണമായും ശേഷിയില്ല.
- ഭാഷണ, വാചന, ലേഖന കൌശലങ്ങള് കുറവാണ് പ്രയോഗാവസരങ്ങള് വിരളമാണ്.

## പ്രതീക്ഷിത നേട്ടങ്ങൾ

- സംസ്കൃതപദപരിചയം നേടും
- നിത്യ ജീവിതത്തിൽ വിനിമയം ചെയ്യുന്ന ആശയങ്ങൾ സംസ്കൃതഭാഷയിൽ വിനിമയം ചെയ്യുവാൻ കഴിയും.
- ഭാഷണ, വാചന, ലേഖന ചാതുരി അർജ്ജിക്കും.

| ക്ര. ന | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ധനം | നിർവഹണ ചുമതല | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | സംസ്കൃത വാതാവരണം ( അന്തരീക്ഷം സൃഷ്ടിക്കൽ) | 1 സ്കൂൾതല സംസ്കൃത കൗൺസിൽ ചേരുന്നു.<br>ഭാഷണം വാചനം ലേഖനം പ്രശ്നോത്തരം<br>എന്നിങ്ങനെ നാല് ഗ്രൂപ്പ്ആക്കി തിരിക്കുന്നു.<br>വ്യക്തിഗത പ്രവർത്താനമായി ശബ്ദകോശനിര്മ്മാണം ആരംഭിക്കുന്നു | ജൂൺ/ ജൂലൈ | വിദ്യാലയ സമിതി മറ്റ് സോഴ്സുകൾ | സംസ്കൃത കൗൺസിൽ | സംസ്കൃതം പഠിക്കുന്ന എല്ലാ കുട്ടികളും സംസ്കൃത ഭാഷയിൽ സ്വന്തമായി സംസാരിക്കുന്നതിനും ആശയവനിമയം നടത്തുന്നതിനും |

Vrindavan High School

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ശേഷി<br>നേടുക |
| | | 2. പദ്ധതിയുടെ വിവിധഘട്ടങ്ങളിൽ വിവിധ ഗ്രൂപ്പ്കൾക്ക് പ്രവർത്തന ചുമതല നൽകുന്നു.<br>3. നിത്യ ജീവിതത്തിൽ വിനിമയം ചെയ്യുന്ന മാതൃഭാഷാ പദങ്ങൾ ( വസ്തുകൾ , സേവനങ്ങൾ, സ്ഥാപന ങ്ങൾ മുതലായവ) ശേഖരിക്കുന്നു.<br>4. ശേഖരിക്കപ്പെട്ട മതൃഭാഷാപദ ങ്ങൾക്ക് സമാനമായ സംസ്കൃതപദ ങ്ങൾ ശബ്ദകോശമുപയോഗിച്ച് കണ്ടെത്തുന്നു.<br>5. പദങ്ങൾ പ്രദർശിപ്പിക്കുവാൻ നെയിം ബോർഡുകൾ തയ്യാറാക്കു ന്നു.<br><br>6. കണ്ടെത്തിയ സംസ്കൃത പദങ്ങളും സമാന മാതൃഭാഷാപദങ്ങളും പ്രത്യേകം തയ്യാറാക്കിയ നെയിം ബോർഡുകളിൽ എഴുതുന്നു.<br><br>7. നെയിം ബോഡുകൾ യഥാസ്ഥാന ങ്ങളിൽ സ്ഥാപിക്കുന്നു.<br><br>8. സംസ്കൃതപഠന മൂലയൊരുന്നു.<br><br>9. സംസ്കൃത പഠനമൂലയിൽ ലഘു പഠന സാമഗ്രികൾ ഒരുക്കുന്നു. | ആഗസ്റ്റ്<br>/സെപ്റ്റ<br>ംബർ | | | |
| 2. | സംഭാഷണം<br>സംസ്കൃതം | 1. പദപരിചയങ്ങൾ പങ്കവെക്കുന്നു.<br>2. വചനം ലിംഗം വിഭക്തികള് അവ്യയപപദങ്ങള്  നാമം ക്രിയ സപ്തകകാരങ്ങള് തുടങ്ങി വ്യാക രണപ്രയോഗത്തിലൂടെ വാക്യങ്ങള് ഉപയോഗിച്ച് സംഭാഷണം നടത്തു ന്നു.<br>3. ലഘു വാക്യങ്ങൾവിനിമയം ചെയ്യുന്നു. | ഒക്ടോ<br>ബർ | | | |

Vrindavan High School

| | | | | | | |
|---|---|---|---|---|---|---|
| 3. | വാചന സംസ്കൃതം | 1. സംസ്കൃതപദങ്ങള് തെറ്റ്കൂടാതെ വായിക്കുവാൻ പരിശീലിക്കുന്നു.<br>2. പാഠപുസ്തകങ്ങള് മാസികകള് കവിതകള് ലേഖനങ്ങള് കഥകള് എന്നിവ സ്ഫുടമായി വായിക്കു വാൻ പരിശിലിക്കുന്നു | നവമ്പര് | | | |
| 4 | ലേഖന സംസ്കൃതം | 1. സംസ്കൃതപദങ്ങള് കേൾക്കു മ്പോള് തെറ്റ്കൂടാതെ എഴുതാൻ പരിശീലിക്കുന്നു.<br>2. സംസ്കൃത പദങ്ങള് കേട്ട് എഴുതു വാൻ പരിശിലിക്കുന്നു.<br>സംസ്കൃത വാക്യങ്ങള് സ്വന്ത മായി എഴുതുവാൻ പരിശിലിക്കു ന്നു. | ഡിസം ബര് | | | |
| 5 | ശില്പശാല | 1. വിദഗ്ദരുടെ സഹായത്തോടെ സംസ്കൃത സംഭാഷണ ശില്പ ശാല നടത്തുന്നു.<br>ശില്പശാലയില് വിദ്യാര്ഥികള് ആർജ്ജിച്ച വിവിധ ഭാഷാ നൈപു ണികള് പ്രകടമാക്കുന്നു. | ജനുവരി | | | |

Vrindavan High School

## ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രാഷ്ട്രഭാഷയായി ടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | • കഥ വായന , കവിത വായന, സുരീലി സഞ്ചിക എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| മാതൃഭാഷയെ പോലെ ഹിന്ദിയും കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | • പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാ രുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണി ക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | |
| ജോലി സാധ്യത ക്കായി കുട്ടികളെ പ്രാപ്തരാക്കുക | • ഹിന്ദി അസംബ്ലി, ദിനാചരണ ങ്ങൾ, ഹിന്ദി സംഭാഷണം , ഹിന്ദി ഡയറി എഴുത്ത് , ഹിന്ദി കലോത്സവം എന്നിവയ്ക്ക് അവസരം നൽകുന്നു. | അക്കാദമിക വർഷം | ഹിന്ദി അദ്ധ്യാപകർ | |

# English

| Sl .No | Objectives | Activities | Duration |
|---|---|---|---|
| 1. | To enable the students to read correctly | 1. Echo Reading ( Teacher reads a sentence and the students repeat)<br>2. Reading buddies or peer mentors<br>3. Choral reading ( read together in unison ) | June- March |
| 2. | To improve Vocabulary | 1. Flash cards with images and words<br>2. Provide easy readers in library<br>3. English club activities<br>4. Word walls<br>5. Charades<br>6. Pair , word with picture | |
| 3. | To improve handwriting | 1. Teach students to keep spacing between words and letters.<br>2. Provide the students with printable English handwriting Practice sheets.<br>3. Encourage the students to practice handwriting 10-15 minutes daily | |
| 4. | Enhance the students to write English without grammar mistake | Teacher decides to spend more time to teach grammar | |

Vrindavan High School

# <u>ശാസ്ത്രം</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടത്തേണ്ട കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിരവികസനം പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ടാവണം എന്ന് ബോധ്യപ്പെടുന്നതിന് | • പരിസ്ഥിതി ദിനം ആചരണം<br>• പ്രത്യേക അസംബ്ലി<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ<br>• ഹരിത സേന പ്രവർത്തകരെ ആദരിക്കൽ<br>• അടുക്കളത്തോട്ടം നിർമ്മാണം | ജൂൺ | ശാസ്ത്ര അധ്യാപകൻ, പരിസ്ഥിതി ക്ലബ്ബ് ,സ്കൗട്ട് ആൻഡ് ഗൈഡ്സ് അംഗങ്ങൾ | പ്രതീക്ഷിത ചിലവ് 500/– |
| മാനവികതയിൽ ഊന്നിയ ശാസ്ത്രവ ബോധം<br>ശാസ്ത്രീയ മനോഭാവം<br>ശാസ്ത്രീയ പഠന താൽപര്യം<br>എന്നിവ വികസിപ്പിക്കുന്നതിന് | • അന്ധവിശ്വാസങ്ങളും, അനാചരങ്ങളും, കുറ്റകൃത്യങ്ങൾ സമകാലീന വാർത്തകൾ ചർച്ചയ്ക്ക് വിധേയമാക്കൽ<br>• പരീക്ഷണം നിരീക്ഷണം വിശകലനം വിമർശനാത്മക ചോദ്യം ചെയ്യൽ വിശദീകരണം തുടങ്ങിയ ചിട്ടയായ ശാസ്ത്ര പംന സമീപന രീതി ജീവിത്തിൽ ഉടനീളം പ്രയോളിക്കാൻ പ്രാപ്തരാക്കുക.<br>• ശാസ്ത്ര ദിനാചരണം –ഫെബ്രുവരി 28 | ജൂൺ മുതൽ ഫെബ്രു വരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് ഇല്ല |
| ഗവേഷണ താൽപര്യം ശാസ്ത്ര പ്രക്രിയാ ശേഷികൾ ശാസ്ത്ര ഉപകരണങ്ങൾ ലാബ് തുടങ്ങിയവ കൈകാര്യം ചെയ്യാനുള്ള ശേഷി എന്നിവ പരിപോഷിപ്പിക്കുന്നതിന് | • YIP, SIM, STEM തുടങ്ങിയ ഗവേഷണ പദ്ധതികളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക അവർക്ക് വേണ്ട സഹായസഹകരണങ്ങൾ നൽകുക<br>• 8,9,10 ക്ലാസുകളിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെ നേർഅനുഭവം ഒരുക്കി കൊടുക്കുക<br>• ശാസ്ത്ര ഉപകരണങ്ങൾ വസ്തുക്കൾ രാസപദാർത്ഥങ്ങൾ എന്നിവ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള അവസരം ഒരുക്കി കൊടുക്കുക | ജൂൺ മുതൽ ഫെബ്രു വരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 5000/.. |

Vrindavan High School

| | | | | |
|---|---|---|---|---|
| ലഹരിയുടെ ദൂഷ്യവശങ്ങൾ തിരച്ചറിഞ്ഞ് ലഹരി വിരുദ്ധ പ്രചാരകരാകുന്നതിന് | • ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ ആരോഗ്യത്തെ നശിപ്പിക്കുന്ന ലഹരികളിൽ നിന്നും മുക്തരാകുന്നതിന് നിർബന്ധ ബുദ്ധി കാണിക്കണമെന്നും അതുമായി ബന്ധപ്പെട്ട ലഹരി വിരുദ്ധ മൂകാഭിനയം തെരുവ് നാടകം സ്കിറ്റ് എന്നിവ അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു<br>• ലോക ലഹരിവിരുദ്ധ ദിനാചരണം – ജൂൺ 26 | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ ലഹരി വിരുദ്ധ ക്ലബ് അംഗങ്ങൾ | പ്രതീക്ഷിത ചിലവ് 1000/- |
| ഊർജ്ജ സംരക്ഷണം ശീലമാക്കുന്നതിനും പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നതിനും | • ആവശ്യത്തിന് ശേഷം വൈദ്യുത ഉപകരണങ്ങൾ ഓഫ് ചെയ്യുന്നതിനും അനാവശ്യമായി ജലം പാഴാക്കാതിരിക്കുന്നതിനും ഉള്ള ശീലങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.<br>• ദേശീയ ഊർജ്ജ സംരക്ഷണദിനാചരണം – ഡിസംബർ 14 | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ എനർജി ക്ലബ്ബ് അംഗങ്ങൾ | പ്രതീക്ഷിത ചിലവ് ഇല്ല. |
| വ്യക്തി ശുചിത്വം പരിസര ശുചിത്വം മാലിന്യ നിർമാർജനം ശുചിത്വ ക്യാമ്പസ് എന്നീ ശീലങ്ങൾ വികസിപ്പിക്കുന്നതിന് | • ഓരോ ആഴ്ചയും അടുക്കും വൃത്തിയുമുള്ള ക്ലാസ് മുറികളെ സെലക്ട് ചെയ്തു സമ്മാനം നൽകുന്നു.<br>• പൂന്തോട്ട നിർമ്മാണം മത്സരം അടിസ്ഥാനത്തിൽ ഒരുക്കാനുള്ള അവസരം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 1000/- |
| ഡിജിറ്റൽ സാങ്കേതിക വിദ്യ ശാസ്ത്ര പഠനം ലളിതമാക്കുന്നതിന് | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ പഠന വിഭവങ്ങൾ സമഗ്ര പോർട്ടൽ –വീഡിയോസ് സിമുലേഷൻസ് ഇന്ററാക്ടീവ്സ് കൂടുതലായി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് ഇല്ല |
| ക്ലബ് പ്രവർത്തനങ്ങൾ | • ശാസ്ത്രമേളയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിശീലനങ്ങൾ ലേണിങ് എയ്ഡുകളുടെ നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 2000/- |
| നൂതന ആശയങ്ങൾ | അന്വേഷണത്തെ അടിസ്ഥാനമാക്കിയുള്ള പഠനം കുട്ടികളുടെ | ജൂൺ മുതൽ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് ഇല്ല |

Vrindavan High School

| | | | | |
|---|---|---|---|---|
| | മികച്ച സംശയങ്ങൾ സ്കൂൾ വിക്കിയിൽ പ്രകാശനം ചെയ്യുന്നു | ഫെബ്രുവരി വരെ | | |
| ഉൾച്ചേർന്ന വിദ്യാഭ്യാസ രീതി അവലംബിക്കുന്നതിന്. | • ഗിഫ്റ്റഡ് ചൈൽഡ് മുതൽ ഡിഫറെൻഷ്യലി ഏബിൾസ് ആയിട്ടുള്ള കുട്ടികളെ വരെ ഒരുപോലെ പ്രതിനിധീകരിക്കുന്നതിന് ആവശ്യമായ ലേണിങ് ഏയ്ഡുകളുടെ നിർമ്മാണം, പ്രവർത്തനങ്ങളിലെ പങ്കാളിത്തം , പ്രകടന രീതി, വിലയിരുത്തൽ,തോതുകൾ എന്നിവ തിരഞ്ഞെടുക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | ശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 1000/- |
| കാർഷിക ദിനത്തിൽ കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾ ബോധവാന്മാരാകുന്നു. | • കാർഷിക പ്രദർശനം<br>• കാർഷിക ഉപകരണങ്ങളുടെ പ്രദർശനം<br>• പലതരം വിത്തുകളുടെ പ്രദർശനം, വില്പന | ഒരു ദിവസം | ജീവശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 1000/- |
| കൃഷി രീതികളെ കുറിച്ച് മനസ്സിലാക്കാൻ കാർഷിക ഗവേഷണ സ്ഥാപനങ്ങളിലേക്ക് യാത്ര | • ഫീൽഡ് ട്രിപ്പ്<br>• പട്ടാമ്പി RARSലേക്ക് യാത്ര | ഒരു ദിവസം | ജീവശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 2000/- |
| കുട്ടി കർഷകനെ അനുമോദിക്കൽ | • നമ്മുടെ നാട്ടിലെ നല്ല കർഷകനെ അനുമോദിക്കുന്നു.<br>• നമ്മുടെ സ്കൂളിലെ ഏറ്റവും നല്ല കർഷകനെ തെരഞ്ഞെടുക്കുന്നു. | 4 മാസം | ജീവശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 1000/- |
| ബയോ ബിന്നുകളുടെ നിർമ്മാണത്തെക്കുറിച്ച് കുട്ടി അറിയുന്നതിലൂടെ ജൈവവള നിർമ്മാണത്തെക്കുറിച്ച് കുട്ടിക്ക് ധാരണ ലഭിക്കുന്നു. | • നമ്മുടെ സ്കൂളിലെ തന്നെ പച്ചകറി, ജൈവ മാലിന്യങ്ങൾ ഉപയോഗിച്ച് വളം നിർമ്മാണം | 3 മാസം | ജീവശാസ്ത്ര അധ്യാപകൻ | പ്രതീക്ഷിത ചിലവ് 1000/- |

Vrindavan High School

# സാമൂഹ്യശാസ്ത്രം

## പഠനലക്ഷ്യങ്ങൾ

1. ചരിത്രം , ഭൂമിശാസ്ത്രം, പൗരത്വം , സാമ്പത്തിക ശാസ്ത്രം എന്നീ മേഖലകളിൽ അടിസ്ഥാന ധാരണവികസിപ്പിക്കൽ
2. സമൂഹത്തിലെ മാറ്റങ്ങൾ അവകാശങ്ങൾ ഭരണസംവിധാനങ്ങൾ എന്നിവയെ കുറിച്ച് അവബോധം നേടുക
3. വിദ്യാർത്ഥികളിൽ മൂല്യബോധം വളർത്തുക

| മാസം | പ്രവർത്തനം | ഭിന്നശേഷി |
|---|---|---|
| ജൂൺ | പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം മന സ്സിലാക്കുകയും 30%–നു താഴെ മാർക്ക് ലഭിച്ച വർക്ക് സാമൂഹ്യശാസ്ത്രത്തിന്റെ നാല് മേഖലകളെ കുറിച്ച് അടിസ്ഥാന ധാരണ ഉറപ്പിക്കുന്നു.<br>ഉദാ; ഇന്ത്യചരിത്രം ;– രാജവംശങ്ങൾ<br>ഭൂമിശാസ്ത്രം ;– ഭൂപടം, സംസ്ഥാനങ്ങൾ അടയാള പ്പെടുത്തൽ<br>Politics - ഭരണഘടന<br>Economics - സമ്പത്ത് എങ്ങനെ കൈകാര്യം ചെയ്യാം | വീഡീയോ ചിത്രങ്ങൾ മോഡലുകൾ |
| ജൂലൈ | നദികളും ജലസ്രോതസുകളും തിരിച്ചറിയുന്നതിന് ( വീഡിയോ) കുട്ടികൾ ഭൂപടത്തിൽ നദികളെ അട യാളപ്പെടുത്തുന്നു.<br>Club Formation | നദികളുമായി ബന്ധപ്പെട്ട വീഡിയോ |
| ആഗസ്റ്റ് | പുരാതന സംസ്കാരങ്ങളെ തിരച്ചറിയൽ സംസ്കാ രങ്ങളെകുറിച്ചുള്ള വീഡിയോ | മോഡലുകൾ |
| September | ഭരണഘടനയെ കുറിച്ചറിയാൻ<br>ഭരണഘടനയെകുറിച്ച് ( സവിശേഷതകൾ , നിയമ ങ്ങൾ , Etc)<br>ചർച്ച തുടർന്ന് ചർച്ചാറിപ്പോർട്ട് തയ്യാറാക്കൽ | വീഡിയോ |

Vrindavan High School

| | | |
|---|---|---|
| October | കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (Field Visit) | കൃഷിയുമായി ബന്ധപ്പെട്ട ഗയിം കാർഡുകൾ |
| November | ഇന്ത്യയുടെ ഐകവും വൈവിധ്യവും തിരച്ചറിയാനായിട്ട് എന്റെ സംസ്ഥാനം - ഗ്രൂപ്പ് പ്രവർത്തനം | ഓരോസംസ്ഥാനങ്ങളുടെയും പ്രത്യേകതയുടെ ചിത്രങ്ങൾ കാണിക്കുന്നു. |
| December | ധനതന്ത്ര പ്രവർത്തനം;- വിപണിയിൽ നിന്ന് ഉൽപ്പന്നങ്ങളുടെ വിലകൾ ശേഖരിച്ച് കണക്കുട്ടുന്നു. | പലതരത്തിലുള്ള ബില്ലുകളുടെ ചിത്രങ്ങൾ |
| January | ഇന്ത്യൻ സ്വതന്ത്ര്യ സമരനായകന്മാരെ തിരിച്ചറിയുക - ദേശീയ നേതാക്കളുടെയും സംഭാവനകളുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. | ചിത്രങ്ങൾ വീഡിയോ |
| February | ഗ്രാമങ്ങൾ, നഗരങ്ങൾ , ചരിത്ര പ്രധാന്യമുറങ്ങുന്ന സ്ഥലങ്ങൾ - Trip<br>സഞ്ചാരറിപ്പോർട്ട് | |
| March | Exam നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ | |

Vrindavan High School

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | • വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയ ങ്ങൾ ഉറപ്പിക്കുന്നു<br>• ക്ലാസിലെ മിടുക്കരായ കുട്ടി കളെ ഉപയോഗപ്പെടുത്തി ഗണ തത്തിലെ അടിസ്ഥാന ആശയ ങ്ങൾ ഉറപ്പിക്കുന്നു | ജൂൺ<br>1 മാസം | ഗണിത അധ്യാപിക | എസ് ആർ ജി |
| 2. എല്ലാ കുട്ടി കൾക്കും ചതു ഷ്ക്രിയകൾ ഉറ പ്പിക്കൽ | • ക്ലാസുകളിൽ ഇതുമായി ബന്ധ പ്പെട്ട് കൂടുതൽ പ്രവർത്തനങ്ങൾ നൽകുന്നു.<br>• പലതരം ഗെയിമിലൂടെ കുട്ടിക ളിൽ ചതുഷ്ക്രിയകൾ ഉറപ്പിക്കു ന്നു. | യഥാസമയം | ഗണിത അധ്യാപിക | എസ് ആർ ജി |
| 3. ഗണിതശാസ്ത്ര ക്ലബിലൂടെ ഗണി തത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടി കളെ സഹായി ക്കുന്നു . | • ഗണിതശാസ്ത്ര ക്ലബ്ബിലൂടെ പിന്നാക്കം നിൽക്കുന്ന കുട്ടി കൾക്ക് പലതരം പ്രവർത്തന ങ്ങൾ ( നമ്പർ ചാർട്ട് ,പസിൽസ് , ഗണിത ക്വിസ്, ഗണിത സമസ്യകൾ ബുളറ്റിൻ ബോർഡുകൾ മഗസിനുകൾ) നൽകുന്നു. | യഥാ സമയം | ഗണിത അധ്യാപിക | എസ് ആർ ജി |

Vrindavan High School

# കലാപഠനം (സംഗീതം)

| ലക്ഷ്യം | പ്രവർത്തനം | കാലം | അക്കാഡമിക്ക് പിന്തുണ |
|---|---|---|---|
| സംഗീതത്തിലെ വ്യത്യസ്തരൂപങ്ങൾ തിരിച്ചറിയുന്നു. | മാപ്പിളപ്പാട്ട്, നാടകഗാനങ്ങൾ, തുള്ളൽപാട്ട്, കഥകളിസംഗീതം എന്നിവ തിരച്ചറിയാനും രേഖപ്പെടുത്താനും കഴിയുന്നു. | 5 മാസം | അദ്ധ്യാപകർ |
| ചിത്രരചന ക്യാമ്പ് | ചിത്രരചനയോട് ആഭിമുഖ്യമുള്ള കുട്ടികളെ കണ്ടെത്തി പെൻസിൽ ഡ്രായിംഗ് പെയിന്റിംഗ് എന്നീ വിഭാഗങ്ങളായി തരം തിരിച്ച് ശില്പ ശാല നടത്തുന്നു. | 6 മാസം | അദ്ധ്യാപകർ |
| നാടൻപാട്ട് | വായ്ത്താരികളെ പരിചയപ്പെടുത്തുന്നു.വിവിധ താള വൈവിധ്യവും സന്ദർഭത്തെ, ആശയത്തെ, പ്രമേയത്തെ ഉജ്ജ്വലമാക്കുന്നതിനും | 3 മാസം | അദ്ധ്യാപകർ |
| താളങ്ങളെ മനസ്സിലാക്കുന്നു. | വ്യത്യസ്ത താള ക്രമങ്ങളിൽ ചിട്ടപ്പെടുത്തിയ ഗാനത്തിന്റെ സി ഡി കേൾപ്പിക്കുന്നു. | എല്ലാ മാസം | അദ്ധ്യാപകർ |
| അവതരണ പാഠവം , സർഗ്ഗാവബോധം | കലായിനങ്ങൾ കാണുവാനുള്ള അവസരം വേദികളിൽ അവതരണം കലാസംഘരൂപികരണം | വർഷത്തിൽ ഒരു തവണ | അദ്ധ്യാപകർ |
| വാദ്യസംസ്കാരത്തെക്കുറിച്ചും പ്രയോഗരീതിയെക്കുറിച്ചും | പ്രാദേശിക സംഗീതോപരണകൾ കണ്ടെത്തി നാടിന്റെ ഉപകരണ | വർഷത്തിൽ ഒരു തവണ | അദ്ധ്യാപകർ |

Vrindavan High School

| | | | |
|---|---|---|---|
| അറിവ് നേടുന്നു. | സംസ്കാരം തിരിച്ചറിയുന്നു. | | |
| തീയറ്റർ ക്യാമ്പ് | താല്പ്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി നാടകകരളി, ഇതിലൂടെ ഭാഷകളിലും മാനവിക വിഷയങ്ങളിലും നാടകീകരണം സാമ്യമാകുന്നു. | 6 മാസം | അദ്ധ്യാപകർ |
| ദേശഭക്തിഗാനം | കർണ്ണാടക ഹിന്ദുസ്ഥാനി, സംഗീതത്തിലധിഷ്ഠിതമായ് ദേശഭക്തി ഗാനങ്ങൾ തിരിച്ചറിയുന്നു. ലഘുകീർത്തന പരിശീലനം | 6 മാസം | അദ്ധ്യാപകർ |

Vrindavan High School

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സ്കൂളിലെ എല്ലാകുട്ടികളുടെയും അധിക ഊർജ്ജം ശരിയായരീതിയിൽ ഉപയോഗിക്കാനും ആരോഗ്യ കായിക വിദ്യാഭ്യാസം ശരിയായരീതിയിൽ പ്രയോജനപ്പെടുത്തുവാനും | കായിക ആരോഗ്യവിദ്യാഭ്യാസത്തിന്റെ ദിശാബോധം വളർത്താൻ എല്ലാ കുട്ടികൾക്കും മൈനർ, മേജർ ഗൈയിംസിൽ പങ്കെടിപ്പിക്കുന്നു. ( Warming up , Cooling down etc) | ജൂൺ മുതൽ സെപ്റ്റംബർ |
| പ്രീ ടെസ്റ്റിന്റ അടിസ്ഥാനത്തിൽ (ബി. എം .ഐ) കായിക ക്ഷമത തിരിച്ചറിയുന്നത് വർദ്ധിപ്പിക്കുവാൻ | ഹെൽത്ത്കാർഡ് , എയിറോബികിസ് വ്യായാമമുറകളും പരിശീലിപ്പികുന്നു. | ജൂൺ |
| സാമൂഹിക ആരോഗ്യം നില നിർത്താനും വിദ്യാർത്ഥികളിലെ മാനസ്സിക സമ്മർദ്ദം ഒഴിവാക്കാനും | യോഗ്ര പരിശീലനം മിതവും ലളിതവുമായ യോഗപരിശീലനം | ഒരു വർഷം |
| ലഹരി വിമുക്ത വിദ്യാലയം ആരോഗ്യമുള്ള പുതിയതലമുറ. ശുതിത്വമുള്ള ജീവിത ശൈലി , പോഷക ആഹാരങ്ങളുടെ ആവശ്യകത. | ശുചിത്വം പ്ലാസ്റ്റിക്ക് നിർമാർജ്ജനം ആഹാര ശീലങ്ങൾ പോഷകആഹാരം എന്നിവയെക്കുറിച്ച് അവബോധം കുട്ടികളിൽ ജനിപ്പിക്കുന്നു. | ജൂലൈയ് മുതൽ നവംബർ |
| ടാലന്റ് ഹണ്ട് കുട്ടികളുടെ ഗ്രാസ് റൂട്ട് ലെവൽ കണ്ടെത്തി അനിയോജ്യമായ കായിക ഇനങ്ങളിൽ പങ്കെടിപ്പിച്ച് മെഡൽ നേടുന്നതിന് | വിവിധ ഗെയിമുകളിലും, അത്‌ലറ്റികസിലും താല്പര്യവും, ശാരീകഘടനയുടെയും മാനസികവളർച്ചയുടെയും അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ വിവിധതരം കായിക ടെസ്റ്റുകളിലൂടെ കണ്ടെത്തുകയും ശാസ്ത്രീയമായ പരിശീലനത്തിന് വിധേയമാകുന്നു. | 5 വർഷം |
| ശില്പശാല | വിദഗ്ധരുടെ സഹായത്തോട് ആരോഗ്യകായികം മെച്ചപ്പെടുത്തി അനുയോജ്യമായ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ ജനുവരി |
| കൗമാരവിദ്യാഭ്യാസം | കൗമാരദശയിലുള്ള കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിക്കുന്നു. | ഒക്ടോബർ |

Vrindavan High School